ത്തിൻെറ യഥാർത്ഥരൂപം. ശത്രുവും ഇങ്ങനെതന്നെ വിചാരിച്ചേക്കാമെന്നതു മാത്രമാണ് ഈ നയത്തിൻെറ ദൗർബല്യം.

ഏതായാലും അണുയുദ്ധം ആരംഭിക്കുന്നതു് അമേരിക്കയായാലും റഷ്യയായാലും, വേറെ ഏതെങ്കിലും രാജ്യമായാലും, ഭൂമിയിലെ എല്ലാ രാജ്യങ്ങളിലും അണുയുദ്ധശിശിരം ഉണ്ടാകാനുള്ള സാദ്ധ്യതയുണ്ട്.

രക്ഷ ആർക്കുമില്ല!

(19, ജനുവരി 1985)

# 4. പാകിസ്ഥാൻെറ ആററംബോംബ്

ആററംബോംബ് നിർമ്മിക്കുവാനുള്ള ചില ഉപകരണങ്ങൾ അനുവാദം കൂടാതെ പാകിസ്ഥാനിലേക്കു കയററിഅയച്ചു എന്ന കുററം ചുമത്തി രണ്ടു പാകിസ്ഥാൻകാരെ ഏതാനുംമാസംമുമ്പ് കാനഡ ഗവണ്മെൻറ് അറസ്റ്റ് ചെയ്യുകയുണ്ടായി. ഇതു കഴിഞ്ഞു് അധികം താമസിയാതെ, 1984 ജൂലൈ മാസത്തിൽ, അണുബോംബിനകത്തു് സ്ഫോടനം തൊടുത്തുവിടുന്ന ഉപകരണങ്ങൾ (ട്രിഗറിങ് ഡിവൈസ്), അമ്പതു് എണ്ണം വാങ്ങി പാകിസ്ഥാനിൽ ഇസ്ലാമാബാദ് യൂണിവേഴ്സിററിയിലേക്കു കയററി അയയ്ക്കാൻ ശ്രമിക്കുകയും, അതു സംബന്ധിച്ചു കസ്റ്റംസ് വിഭാഗത്തിൻെറ മുമ്പിൽ കളവായ സത്യവാങ്മൂലങ്ങൾ സമർപ്പിക്കുകയും ചെയ്തതിനു്, ടെക്സാസ് സ്റ്റേററിലെ ഹ്യൂസ്റ്റൺനഗരത്തിൽവെച്ചു് നാസിർ അഹമ്മദ് വൈദ്, സലിം അഹമ്മദ് മൊഹമ്മദി, ഇല്യാസ് അഹമ്മദ് മൊഹമ്മദി എന്ന മൂന്നു പാകിസ്ഥാൻകാരെ അമേരിക്കൻ ഗവണ്മെൻറും അറസ്റ്റ്ചെയ്തു. ഇതിനർത്ഥം, അത്യാധുനികരീതിയിലുള്ള ആററംബോംബുകളുടെ ചില സുപ്രധാന ഘടകങ്ങൾ ലോകത്തിലെ പല രാജ്യങ്ങളിൽനിന്നും പാകിസ്ഥാൻ വാങ്ങി ശേഖരിച്ചുവരുന്നു എന്നാണ്.

ഡോക്ടർ അബ്ദുൾ കാദിർഖാൻ എന്നൊരാളാണു പാകിസ്ഥാൻെറ ആററംബോംബ് നിർമ്മാണപ്രവർത്തനങ്ങളുടെ മേധാവി. യുറേനിയം സംസ്കരിച്ചു സ്ഫോടനക്ഷമമാക്കുന്നതു് (എൻറിച്ച്മെൻറ്) സംബന്ധിച്ച രഹസ്യങ്ങൾ മോഷ്ടിച്ചുവെന്ന കുററം ചുമത്തി, ഈയാളെ ആംസ്റ്റർഡാം നഗരത്തിൽവെച്ചു് ഡച്ച് ഗവണ്മെൻറ് വിചാരണചെയ്തു്, നാലു കൊല്ലത്തെ തടവുശിക്ഷയ്ക്കു വിധിച്ചു. പക്ഷേ, കുററവാളി വിചാരണസമയത്തു് കോടതിയിലോ ഹോളണ്ട് രാജ്യത്തിൽത്തന്നെയോ ഉണ്ടായിരുന്നില്ല. അയാൾ പാകിസ്ഥാനിൽ ആററംബോംബു നിർമ്മാണപ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുകയായിരുന്നു. ഇപ്പോഴും അതെ.

വിമാനത്തിൽനിന്നു താഴോട്ടു് ഇടുന്ന (ഗ്രാവിററി) തരം ആററംബോംബുകൾ ഉണ്ടാക്കുവാനുള്ള കഴിവു് പാകിസ്ഥാനു് ഇപ്പോൾത്തന്നെ ഉണ്ട്. അമേരിക്ക പാകിസ്ഥാനു് സൗജന്യമായി 'എഫ്–16' തരത്തിൽപ്പെട്ട നാല്പതു വിമാനങ്ങൾ നൽകാമെന്നു് ഏററിട്ടുണ്ടല്ലോ. ഇവയിൽ കുറെ എണ്ണം ഇതിനകം പാകിസ്ഥാനു് കിട്ടിക്കഴിഞ്ഞു. ബാക്കിയുള്ളവകൂടി 1986–നു മുമ്പു കൊടുക്കാമെന്നാണു് അമേരിക്ക സമ്മതിച്ചിട്ടുള്ളതു്. ഇത്തരം വിമാനങ്ങളിൽ മുമ്പു പറഞ്ഞ (ഗ്രാവിററി)തരം ആററംബോംബുകൾ കയററി എഴുനൂററമ്പതു മൈൽവരെ ദൂരത്തിലുള്ള ലക്ഷ്യങ്ങളിൽ കൊണ്ടുപോയി താഴെ ഇട്ടു പൊട്ടിക്കാൻ കഴിയും. ഇസ്ലാമാബാദിൽനിന്നു പുറപ്പെട്ടാൽ 'എഫ്–16' വിമാനത്തിനു് ഡില്ലിയിൽ

ബോംബിട്ടു മടങ്ങിപ്പോകാം. കറാച്ചിയിൽനിന്നു പുറപ്പെട്ടാൽ ബോംബെയിൽ ബോംബ് എറിഞ്ഞു ഭദ്രമായി താവളത്തിൽ തിരികെ എത്താം. വിമാനത്തിൽ ഒരു എണ്ണട്ടാങ്കുകൂടി അധികമായി ഇണക്കിയാൽ (ഇണക്കാൻ കഴിയും) ബോംബ്‌വിക്ഷേപണത്തിന്റെ ദൂരം ഇനിയും വർദ്ധിപ്പിക്കാം. ഇന്ത്യൻസമുദ്രത്തിന്റെ മീതേകൂടി പറക്കുമ്പോൾ, മറ്റൊരു 'ടാങ്കർ'വിമാനത്തിൽനിന്ന് ഇത്തരം വിമാനങ്ങളിൽ എണ്ണ നിറയ്ക്കുകയുമാവാം. ഇങ്ങനെ ആവശ്യംപോലെ എണ്ണ നിറച്ചാൽ 'എഫ്–16' വിമാനങ്ങൾക്ക് എത്രദൂരം വേണമെങ്കിലും നില്ക്കാതെ പറക്കാൻ കഴിയും. ഇപ്പോൾ പാകിസ്ഥാന്റെ കൈയിൽ ടാങ്കർവിമാനങ്ങൾ ഇല്ല; എന്നാൽ, പാകിസ്ഥാന് അമേരിക്ക കൊടുത്തിട്ടുള്ള 'സി–130' എന്നതരം കടത്തുവിമാനങ്ങൾ ടാങ്കറുകളാക്കി മാറ്റാവുന്നതേയുള്ളു. ടാങ്കർവിമാനങ്ങൾ ലോകവിപണിയിൽനിന്നു വേറെ വാങ്ങുകയുമാവാം.

ആറ്റംബോംബ്‌നിർമാണത്തിൽ ചൈന പാകിസ്ഥാനെ സഹായിക്കുന്നുണ്ടെന്നാണ് കരുതേണ്ടതു്. 1984 ആദ്യത്തിൽ അമേരിക്കൻപ്രസിഡണ്ട് റെയ്ഗൻ ചൈന സന്ദർശിക്കുകയുണ്ടായല്ലോ. അണുശക്തിവികസനം സംബന്ധിച്ച് ചൈനയുമായി ഒരു കരാറിൽ ഒപ്പുവയ്ക്കാൻ റെയ്ഗൻ അന്നു തയ്യാറായിരുന്നു. എന്നാൽ, അമേരിക്കയുമായി ഇത്തരമൊരു കരാറിൽ ഏർപ്പെടുന്ന അണുശക്തിരാഷ്ട്രം, ഇതിനകം ആറ്റംബോംബ് ഉണ്ടാക്കിക്കഴിഞ്ഞിട്ടില്ലാത്ത രാഷ്ട്രങ്ങളെ അതുണ്ടാക്കുന്നതിനു സഹായിക്കരുതെന്ന് ഒരു വ്യവസ്ഥയുണ്ട്. പക്ഷേ, ആറ്റംബോംബ് നിർമിക്കുന്നതിൽ പാകിസ്ഥാനെ സഹായിക്കുകയില്ല എന്ന് ഉറപ്പുനൽകാൻ ചൈന വിസമ്മതിച്ചു. ആറ്റംബോംബ് നിർമ്മിക്കാനുള്ള കഴിവ് ഇന്ത്യയ്ക്ക് ഉള്ളതിനാൽ, പാകിസ്ഥാനും ആ കഴിവ് ഉണ്ടായേ മതിയാവൂ എന്ന് ചൈന വാദിച്ചു. ഇതിൻഫലമായി അണുശക്തിവികസനം സംബന്ധിച്ച് ചൈനയുമായി സഹകരിക്കാമെന്ന കരാറിൽ പ്രസിഡണ്ട് റെയ്ഗൻ ഒപ്പുവെക്കുകയുണ്ടായില്ല.

അണുസ്ഫോടനം നടത്താൻ വേണ്ട സാങ്കേതികപരിജ്ഞാനവും വിഭവശേഷിയും കൈവശമുണ്ടെങ്കിലും, 1986–ൽ അമേരിക്ക നൽകാമെന്നു പറഞ്ഞിട്ടുള്ള 'എഫ്-16' വിമാനങ്ങളിൽ അവസാനത്തേതുകൂടി കിട്ടിക്കഴിയുംവരെ, പാകിസ്ഥാൻ സ്വന്തം മണ്ണിൽവെച്ച് ഒരു പരീക്ഷണസ്ഫോടനം നടത്തുകയുണ്ടാവില്ല. എന്നാൽ, പാകിസ്ഥാന്റെ 'പരീക്ഷണബോംബ്' ചൈനയിൽവെച്ച് അതിനുമുമ്പുതന്നെ പൊട്ടിച്ചുനോക്കിക്കൂടെന്നില്ല. ചൈന അണുസ്ഫോടനങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. പൊട്ടിയ ബോംബ് ചൈനയുടേതോ പാകിസ്ഥാന്റേതോ എന്നു തിരിച്ചറിയാൻ കഴിയാത്തതിനാൽ, ചൈനയിൽവെച്ചു നടത്തുന്ന പാകിസ്ഥാൻ–ബോംബ്-സ്ഫോടനം പാകിസ്ഥാനിലേയ്ക്കു പ്രവഹിക്കുന്ന അമേരിക്കൻ സൈനികസഹായങ്ങളെ തടസ്സപ്പെടുത്തുകയില്ല.

പത്തു വർഷം മുമ്പ് 1974-ൽ രാജസ്ഥാനിലെ മരുഭൂമിയിൽവെച്ച് ഇന്ത്യ ഒരു പരീക്ഷണ–അണുസ്ഫോടനം നടത്തുകയുണ്ടായി. ഇന്ത്യൻ ഭൂപ്രദേശത്തിൽ വലിയ ഒരു ഭാഗം കൈയേറി കൈവശം വെച്ചുകൊണ്ടിരിക്കുന്ന ചൈനയുടെ കൈയിൽ ആറ്റംബോംബുകളുണ്ട്. (ഇപ്പോൾ ആയിരം ആറ്റംബോംബുകളോളം ചൈനയുടെ ആയുധശേഖരത്തിലുണ്ടെന്നു പറയപ്പെടുന്നു.) ഇന്ത്യയിൽ ചൈന ആറ്റംബോംബ് പ്രയോഗിച്ചാൽ ഇന്ത്യ അതേ രൂപത്തിൽ തിരിച്ചടിക്കുമെന്ന് ചൈനയെ ബോദ്ധ്യപ്പെടുത്താനാണത്രേ ഇന്ത്യ അണുസ്ഫോടനം നടത്തിയതു്. ഈ സന്ദേശം നൽകിക്കഴിഞ്ഞശേഷം, ഇന്ത്യ അണുസ്ഫോടനം നടത്തുകയോ, ആറ്റംബോംബുകൾ ഉണ്ടാക്കി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. എന്നാൽ, വേണമെന്നു തീരുമാനിച്ചാൽ രണ്ടു വർഷത്തിനകം എത്രയോ ഡസൻ ആറ്റം

ബോംബുകൾ നിർമിക്കാനുള്ള കഴിവ് ഇന്ത്യയ്ക്കുള്ളതായി വിശ്വസിക്കപ്പെടുന്നു. തുമ്പയിലും ശ്രീഹരിക്കോട്ടയിലും പരീക്ഷിച്ച ഫലം അറിഞ്ഞിട്ടുള്ള ഇന്ത്യൻ റോക്കറ്റുകൾ ഉപയോഗിച്ച് ഈ ആറ്റംബോംബുകൾ രണ്ടായിരം മൈൽ വരെ ദൂരത്തിൽ വിക്ഷേപിക്കാനും കഴിയും. പാകിസ്ഥാൻ മുഴുവനും, ചൈനയുടെ ഭൂപ്രദേശത്തിൽ വലിയ ഒരു ഭാഗവും, ഇന്ത്യൻ റോക്കറ്റുകളുടെ പരിധിയിൽപ്പെടുന്നു.

1963-നു മുമ്പ് ആറ്റംബോംബ് നിർമ്മിക്കുന്നതിൽ ഇസ്രായേൽ വിജയിച്ചു. ഇപ്പോൾ ഇസ്രായേലിന്റെ കൈവശം എൺപതു മുതൽ ഇരുനൂറുവരെ ആറ്റംബോംബുകളുണ്ടെന്നു കണക്കാക്കപ്പെടുന്നു. ആറ്റംബോംബുകൾ ലക്ഷ്യങ്ങളിൽ വിക്ഷേപിക്കാൻ ആവശ്യമായ റോക്കറ്റുകൾ ഇസ്രായേലും ഫ്രാൻസും ചേർന്നു നിർമ്മിച്ച് ഇസ്രായേലിലെ നെഗേവ് മരുഭൂമിയിൽ സ്ഥാപിച്ചുകഴിഞ്ഞിട്ടുണ്ട്. ആറ്റംബോംബ് വഹിച്ചു പറക്കുന്ന വിമാനങ്ങളും ഇസ്രായേലിന്റെ കൈയിൽ വേണ്ടത്ര ഉണ്ട്. അവരുടെ 'എഫ്-15' എന്നതരം യുദ്ധവിമാനങ്ങൾക്ക്, പറന്നുകൊണ്ടിരിക്കെ ആകാശത്തുവെച്ച് എണ്ണ നിറച്ച് 1250 മൈൽ ദൂരം വരെ പറന്നു ബോംബിടാൻ കഴിയും. ഇതിനർത്ഥം, സിറിയ, യോർദാൻ, ഇറാക്ക്, ഇറാനിലെ മിക്ക പ്രദേശങ്ങളും, ഈജിപ്ത്, സൗദിഅറേബ്യ, ലിബിയ, സുഡാന്റെ പകുതി എന്നിവിടങ്ങളിലൊക്കെ ആറ്റംബോംബിടാൻ ഇസ്രായേലിനു കരുത്തുണ്ടെന്നാണ്. സിറിയയെ സഹായിക്കുന്ന സോവിയറ്റ്യൂണിയന്റെ കോക്കാസസ് ക്രൈമിയപ്രദേശങ്ങളിലും, വേണ്ടിവന്നാൽ, ആറ്റംബോംബ് കൊണ്ടുചെന്ന് ഇടാൻ ഇസ്രായേലിനു സാധിക്കും.

ഇസ്രായേലിന്റെ 'ജൂതബോംബു'കൾക്കെതിരെ 'ഇസ്ലാമികബോംബു'കൾ നിർമ്മിക്കുമെന്നു പാകിസ്ഥാൻ പ്രസിഡണ്ടായിരുന്ന (പിന്നീടു തൂക്കിക്കൊല്ലപ്പെട്ട) ഭൂട്ടോ ശപഥംചെയ്യുകയുണ്ടായി. പാകിസ്ഥാന്റെ ആറ്റംബോംബ്നിർമ്മാണപ്രയത്നം ആരംഭിച്ചത് അങ്ങനെ ഇസ്രായേലിനെതിരായാണ്; ഇന്ത്യക്കെതിരായി അല്ല. ഈ ശ്രമത്തിൽ സൗദിഅറേബിയയും ഗൾഫ്‌രാജ്യങ്ങളും ഇറാക്കും ലിബിയയും എല്ലാം പാകിസ്ഥാനെ സാമ്പത്തികമായി സഹായിക്കുന്നുണ്ടെന്നു വിശ്വസിക്കപ്പെടുന്നു. എന്നാലും, പാകിസ്ഥാന്റെ ആറ്റംബോംബുകൾ ഇസ്രായേലിനെതിരെ പ്രയോഗിക്കപ്പെടാനുള്ള സാധ്യത തുലോം കുറവാണ്. അമേരിക്ക ആഗ്രഹിക്കുംപോലെ, സോവിയറ്റ്യൂണിയനെതിരായും അവ പ്രയോഗിക്കപ്പെടുമെന്നു കരുതിക്കൂടാ. കാരണം, ഇസ്രായേലിനെയും റഷ്യയെയും ആക്രമിച്ചാൽ പാകിസ്ഥാന്റെ പൊടിപോലും ബാക്കി കാണുകയില്ല.

ഇന്ത്യയും പാകിസ്ഥാനും ഉണ്ടാക്കുന്ന ആറ്റംബോംബുകൾക്ക് ഇരുപതിനായിരം ടൺ ടി. എൻ. ടി.യുടെ വിസ്ഫോടനശക്തിയേ ഉണ്ടായിരിക്കുകയുള്ളുവത്രേ. അതായത്, 1945-ൽ നാഗസാക്കിയിൽ അമേരിക്ക വിക്ഷേപിച്ച ബോംബിന്റെ നാശശക്തിയേ അവയ്ക്കുണ്ടാവൂ. എന്നാലെന്ത്? ദില്ലിയോ, ഇസ്ലാമാബാദോ, ഡമാസ്കസ്സോപോലെ ഒരു നഗരം മുഴുവൻ ചുട്ടു ചാമ്പലാക്കാൻ ഇത്തരം ഒരു ബോംബ് മതിയാവും.

പാകിസ്ഥാനുമായി കാശ്മീരിനെച്ചൊല്ലിയുള്ള ഇന്ത്യയുടെ തർക്കം ഇനിയും അവസാനിച്ചിട്ടില്ല. തരമുള്ളപ്പോളൊക്കെ അന്താരാഷ്ട്രീയ വേദികളിൽ പാകിസ്ഥാൻ ഇന്ത്യയ്ക്കെതിരെ ഈ തർക്കം ഉന്നയിക്കുന്നുണ്ട്. ഇതിനു പുറമേ ഇന്ത്യാ-പാകിസ്ഥാൻ അതിർത്തിപ്രദേശത്തു പട്ടാളക്കാർ തമ്മിൽ ഏറ്റുമുട്ടലുകളും അപൂർവമല്ല. ഇന്ത്യയിൽ രാഷ്ട്രീയ അസ്ഥിരത ഉളവാക്കാനുള്ള ഒരവസരവും പാകിസ്ഥാൻ പാഴാക്കുകയില്ലെന്നതിന് ഈയിടെ പഞ്ചാബിലെ സിക്ക്-വിഘടനവാദികൾക്ക് പാകിസ്ഥാൻ സർക്കാർ നൽകിയ സഹായങ്ങൾതന്നെ മതിയായ തെളിവുകൾ ആണ്. ദില്ലി

യിൽ ഒരു ആററംബോംബ് വീണാൽ ചുരുങ്ങിയതു് നാല്പതുലക്ഷം ജനങ്ങൾ മരിക്കാൻ സാദ്ധ്യതയുണ്ടു്. അതോടെ ഇന്ത്യയുടെ പ്രതിരോധശക്തി പാടെ തകർന്നുപോകുമെന്നു് ഉറപ്പുണ്ടെങ്കിൽ, അത്തരം ഒരു സാഹസത്തിനു് പാകിസ്ഥാനിലെ പട്ടാളനേതൃത്വം മുതിർന്നുകൂടായ്കയില്ല. 'വിനാശകാലേ വിപരീതബുദ്ധി', എന്നതു് ഒരു ശാശ്വതസത്യമാണല്ലോ. ഇക്കാരണത്താൽ, പാകിസ്ഥാനു് ആററംബോബു നിർമ്മാണത്തിൽ സാങ്കേതിക–ഉപകരണ–സഹായമോ, ആററംബോബ് ലക്ഷ്യങ്ങളിൽ എത്തിക്കുന്നതിനുള്ള വിമാനങ്ങൾ, റോക്കററുകൾ മുതലായ ഉപകരണങ്ങളോ, അകലെനിന്നു നിരീക്ഷിച്ചു് ബോംബെറിയാനുള്ള ലക്ഷ്യം നിർദ്ധാരണം ചെയ്യുന്നതിനു സഹായിക്കുന്ന റഡാർ ഉപകരണങ്ങളോ ലഭിക്കുമ്പോൾ (നൽകുന്നതു് അമേരിക്കയായാലും ചൈനയായാലും വേറെ ആരായാലും) ഇന്ത്യയിൽ വ്യാപകമായ ആശങ്ക ഉളവാവുകയെന്നതു് സ്വാഭാവികമാണു്.

പ്രസിഡണ്ട് നാസറിന്റെ കാലത്തു് ആററംബോംബ് നിർമ്മിക്കാനുള്ള ശ്രമം ഈജിപ്തു് ആരംഭിക്കുകയുണ്ടായി. ഈ ശ്രമം പിന്നീടു് ഉപേക്ഷിക്കപ്പെട്ടു. ഇറാക്കിൽ ആററംബോംബ് നിർമ്മിക്കാൻകൂടി ഉപകരിക്കുമായിരുന്ന അണുശക്തിസ്ഥാപനത്തെ ഇസ്രായേൽ ബോംബിട്ടു തകർത്തുകളഞ്ഞു. എന്നാലും, ഈ രണ്ടു രാജ്യങ്ങൾക്കും, വേണമെങ്കിൽ, ആററംബോംബ് ഉണ്ടാക്കാവുന്നതേയുള്ളു. സോവിയററ്യൂണിയന്റെ സഹായമുണ്ടായാൽ ഇറാനും ആററംബോംബ് ഉണ്ടാക്കാൻ കഴിയും. സഹായം നൽകാൻ സോവിയററ്യൂണിയൻ തയ്യാറാണെന്നും കേൾക്കുന്നു. ഇസ്രായേലിന്റെ സഹായത്തോടെ തെക്കേആഫ്രിക്ക ആററംബോംബ് ഉണ്ടാക്കിക്കഴിഞ്ഞിട്ടുണ്ടത്രേ. ആററംബോംബ് ഉണ്ടാക്കാൻ തയ്‌വാനെ സഹായിക്കാനും ഇസ്രായേൽ ഒരുക്കമാണു്. തെക്കേഅമേരിക്കയിലെ ബ്രസീൽ, ആർജൻറീന എന്നീ രാജ്യങ്ങൾ ആററംബോബ് ഉണ്ടാക്കുന്നതിനെപ്പററി ആലോചിച്ചുവരുന്നതായി പറയപ്പെടുന്നു. കമ്യൂണിസ്റ്റ് രാജ്യങ്ങളിൽ യൂഗോസ്ലാവിയ സ്വന്തമായി ആററംബോംബുണ്ടാക്കുമെന്നു മുമ്പു പ്രഖ്യാപിക്കുകയുണ്ടായി. പക്ഷേ, ഇക്കാര്യത്തിൽ അവിടെ പുരോഗതിയൊന്നും ഉണ്ടായതായി അറിവില്ല.

എന്തിനു് ഇവരൊക്കെ ആററംബോംബ് ഉണ്ടാക്കണം? അമേരിക്കയുടെയോ റഷ്യയുടെയോ കൈവശമുള്ള ആററംബോംബുകളിൽ ചെറിയ ഒരു ശതമാനം പോരെ ലോകം നശിപ്പിക്കാൻ?

(8, ഒക്ടോബർ 1984)

## 5. പാക്‌ബോംബിനെപ്പററി വീണ്ടും

'പാകിസ്ഥാന്റെ അണുബോംബ്നിർമ്മാണമാണു്' ഇപ്പോൾ അമേരിക്കയ്ക്കും ഇന്ത്യയ്ക്കും ഇടയിലുള്ള മുഖ്യപ്രശ്നം. അടുത്തുതന്നെ പാകിസ്ഥാൻ ഒരു അണുബോംബ് ഉണ്ടാക്കുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു. അണുബോംബ് നിർമ്മിക്കുന്നതിൽനിന്നു പാകിസ്ഥാനെ തടയുവാൻ സാദ്ധ്യമായതൊന്നും അമേരിക്ക ചെയ്യുന്നില്ലെന്നും ഞങ്ങൾക്കു വിശ്വാസമുണ്ടു്. ഉദാഹരണത്തിനു് അണുബോംബ് നിർമ്മിക്കുന്ന രാജ്യങ്ങൾക്കു് ആയുധങ്ങൾ കയററിഅയയ്ക്കരുതെന്നു് അനുശാസിക്കുന്ന നിയമത്തിൽനിന്നു് അമേരിക്ക പാകിസ്ഥാനെ ഒഴിവാക്കിയിരിക്കുന്നു. ഇങ്ങനെ ഒഴിവാക്കപ്പെട്ട ഏക രാജ്യം പാകിസ്ഥാൻ ആകുന്നു. അണുബോംബിൽ വിസ്ഫോടനത്തിനുവേണ്ടി